(ബി) മണ്ണ്, ജല സംരക്ഷണ പദ്ധതിയിൻകീഴിൽ ഓരോ വർഷവും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പുതിയ പദ്ധതികൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുന്നുണ്ട്.

(സി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. †

പൊതുവിതരണ സമ്പ്രദായത്തിൽ കേന്ദ്ര സർക്കാരിന്റെ നയവ്യതിയാനം

*13 [572] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
" വി. ചെന്താമരാക്ഷൻ:
" മത്തായി ചാക്കോ:
" കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ വില നിശ്ചയിക്കുന്നതിലും അലോക്കേഷൻ നടത്തുന്നതിലും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നയവ്യതിയാനം സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) ഈ കേന്ദ്രനയം പൊതുവിതരണ സമ്പ്രദായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എൻ.ഡി.എ. ഗവൺമെന്റ് കൊണ്ടുവന്ന ഈ നയം പുനഃപരിശോധിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ;

(ഡി) കേന്ദ്രനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളിൽകൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ ആന്റ് ബി) കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം 1-6-1997 മുതൽ കേരളത്തിൽ നടപ്പിലാക്കി. ഇതനുസരിച്ച് മൊത്തം കാർഡുടമകളെ എ.പി.എൽ., ബി.പി.എൽ. എന്നീ രണ്ട് വിഭാഗങ്ങളായി തരംതിരിക്കുകയും ചെയ്തു. എ.പി.എൽ. അരിയുടെ സബ്സിഡി കേന്ദ്ര സർക്കാർ ഗണ്യമായി കുറച്ചതിന്റെ ഫലമായി എ.പി.എൽ. അരിയുടെ വില

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചതും, റേഷൻ പഞ്ചസാര ബി.പി.എൽ. കാർഡുടമകൾക്കു മാത്രമായി പരിമിതപ്പെടുത്തിയതും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട നല്ലൊരു ശതമാനം ആളുകൾ റേഷൻ കടകളിൽ നിന്നും അകന്നുപോകുന്നതിന് കാരണമായിട്ടുണ്ട്. എന്നാൽ 2001 മുതൽ നടപ്പിലാക്കിയ അന്ത്യോദയ, അന്നയോജന, അന്നപൂർണ്ണ എന്നീ പദ്ധതികൾ കൂടുതൽ പാവപ്പെട്ട ആളുകൾക്ക് പ്രയോജനപ്രദമായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് യൂണിവേഴ്സൽ റേഷനിംഗ് സമ്പ്രദായം പുനഃസ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത ആവശ്യം അംഗീകരിക്കുവാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇല്ല. 1997 മുതലുള്ള റേഷൻ സാധനങ്ങളുടെ വില അനുബന്ധമായി കൊടുത്തിരിക്കുന്നു. †

തെങ്ങുകൾക്കുള്ള രോഗപ്രതിരോധ നടപടി

*14 [573] ശ്രീ. എ. കെ. മണി:
„ എം. മുരളി:
„ എം. എം. ഹസ്സൻ:
„ പ്രതാപവർമ്മ തമ്പാൻ:
„ ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുകളെ ബാധിക്കുന്ന രോഗങ്ങൾ ഏതെല്ലാം;

(ബി) എത്ര കാലമായി തെങ്ങുകളെ ഈ രോഗങ്ങൾ ബാധിക്കുന്നു എന്ന് പറയാമോ;

(സി) എത്ര തെങ്ങുകൾക്ക് ഇപ്രകാരം രോഗം ബാധിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇവയ്ക്ക് പരിഹാരം കാണുന്നതിനും തടയുന്നതിനുമായി കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും നടത്തിയിട്ടുള്ള ഗവേഷണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഇ) ഗവേഷണഫലമെന്തായിരുന്നു; ഈ രോഗങ്ങളിൽ നിന്ന് തെങ്ങുകളെ രോഗമുക്തമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കാറ്റുവീഴ്ച, ഓല ചീയൽ, കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ് എന്നിവയാണ് തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ, കൂടാതെ, മണ്ഡരി, കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നീ കീടങ്ങളും തെങ്ങിനെ ആക്രമിക്കാറുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly